# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പത്തനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കൊല്ലം.-691001**

**ഇ-മെയിൽ: doklm.ksad@kerala.gov.in**
**ഫോൺ : 0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി9/093/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/01/2026
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി9/093/26 തീയ്യതി: 29/01/2026

## കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മണിലാൽ വി | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2025 | 29-12-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2025 | 29-12-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ രാകേഷ് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശ്രീകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.തുളസി എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ബി. പ്രശാന്ത് | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജീവ്. ആർ | അസിസ്റ്റൻറ് എൻജിനീയർ | 01-04-2024 | 31-03-2025 |
| ഡോ. സജീന പി.എ | വെറ്ററിനറി സർജൻ | 01-04-2024 | 28-10-2024 |
| ഡോ.അനീഷ് | വെറ്ററിനറി സർജൻ | 29-10-2024 | 05-12-2024 |
| ഡോ.വീണ എസ് | വെറ്ററിനറി സർജൻ | 06-12-2024 | 31-03-2025 |
| ഡോ.രെശ്മി.ജി | മെഡിക്കൽ ഓഫീസർ പി. എച്ച്. സി. | 01-04-2024 | 30-06-2024 |
| ഡോ.മുഹമ്മദ് രജബ് എ | മെഡിക്കൽ ഓഫീസർ പി. എച്ച്. സി. | 01-07-2024 | 31-07-2024 |
| ഡോ.മനോജ് ബി തോമസ് | മെഡിക്കൽ ഓഫീസർ പി. എച്ച്. സി. | 01-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ്.ആർ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ഡോ.പ്രീത നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 21-07-2024 |
| ഡോ.കവിത വി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 22-07-2024 | 31-03-2025 |
| ശ്രീമതി ഗ്രീഷ്മ.ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി രജിത ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 08-07-2024 |
| ശ്രീമതി പ്രവീണ ബി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-07-2024 | 31-03-2025 |
| ശ്രീ. സിബി മാത്യൂസ് | വി.ഇ.ഒ. | 01-04-2024 | 11-09-2024 |
| ശ്രീ. സന്തോഷ് | വി.ഇ.ഒ. | 12-09-2024 | 31-03-2025 |
| ശ്രീ. ബിജു.എസ് | അസി.സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ. സുരേന്ദ്രൻ പിള്ള ആർ | അസി.സെക്രട്ടറി | 07-09-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല. | 1-1-2 |
| 4 | Grant For Specific Purpose - വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-4 |
| 6 | സ്ഥിരനിക്ഷേപത്തിന്റെ കണക്കുകൾ രേഖകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപെൻഷൻ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി | 1-11 |
| 17 | പഞ്ചായത്ത് പരിധിയിയിലുള്ള ടർഫുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 18 | അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല | 1-13 |
| 19 | കടമുറികളുടെ വാടക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-14 |
| 20 | ലേലം ഉറപ്പിച്ചശേഷം പിൻമാറിയ വ്യക്തി അടവാക്കിയ നിരതദ്രവ്യം മുതൽക്കൂട്ടിയില്ല | 1-15 |
| 21 | ലൈഫ് ഭവനപദ്ധതികൾ - ആനുകൂല്യ വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല- രേഖപ്പെടുത്തലുകളിൽ സുതാര്യതയില്ല. | 1-16 |
| 22 | ഭവന പുനരുദ്ധാരണം- രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-17 |
| 23 | ഷോപ്പിംഗ് മാൾ വാടകയ്ക്ക് നൽകുന്ന നടപടികൾ പൂർത്തിയായില്ല – പഞ്ചായത്ത് വായ്പാ ബാദ്ധ്യതയിൽ | 1-18 |
| 24 | ഭവനപുനരുദ്ധാരണം(എസ്.സി)-ഗുണഭോക്താവിന് അധികമായി സബ്സിഡി നൽകി | 1-19 |
| 25 | ഭവനപുനരുദ്ധാരണം(ജനറൽ)- സബ്സിഡി അധികമായി നൽകി | 1-20 |
| 26 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-21 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണം- അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-22 |
| 28 | ജെം പോർട്ടൽ മുഖേന വാങ്ങൽ - ടെണ്ടർ നടപടി സ്വീകരിച്ചില്ല | 1-23 |
| 29 | ലൈബ്രറി സെസ്സ് ഒടുക്കിയില്ല | 1-24 |
| 30 | ലൈബ്രറി- ഭൗതിക സാഹചര്യം തൃപ്തികരമല്ല | 1-25 |
| 31 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-26 |
| 32 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 33 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-28 |
| 34 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ - വില ഡിസ്ക്കൗണ്ട് അനുവദിച്ചില്ല | 1-29 |
| 35 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഭവനപുനരുദ്ധാരണം(എസ്.സി)-ഗുണഭോക്താവിന് സബ്സിഡി അധികമായി നൽകി | 3-1 |
| 2 | ഭവനപുനരുദ്ധാരണം(ജനറൽ)- സബ്സിഡി അധികമായി നൽകി | 3-2 |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |

| | | |
|---|---|---|
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.07.2025 തീയതിയിലെ 2(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 28.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി-29.01.2026

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## 1-1-1 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നിവിടങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നതിന്റെയും ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറിന്റെയും വിശദാംശം സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും മുൻകൂർ നൽകിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല.

## 1-1-2 ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ല. ഡെപ്പോസിറ്റുകൾ റീഫണ്ട് ചെയ്തതിന്റെയും വർഷാന്ത്യത്തിൽ റീഫണ്ട് ചെയ്യാൻ അവശേഷിക്കുന്നവയുടെയും വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

## 1-1-3 Grant For Specific Purpose - വിശദാംശം ലഭ്യമാക്കിയിട്ടില്ല

Grant For Specific Purpose ഇനത്തിൽ 790000 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4-ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി ഗ്രാന്റിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## 1-1-4 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയില്ല

ചുവടെ പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾക്ക് നീക്കിയിരിപ്പ് ഉള്ളതായി വാർഷിക കണക്കുകളിൽ (ഷെഡ്യൂൾ B4) സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അവയുടെ വിശദാംശം ലഭ്യമാക്കിയില്ല.

| അക്കൗണ്ട് ശീർഷകം | നീക്കിയിരിപ്പ് |
|---|---|
| 320200305 | 683 |

| | |
|---|---|
| 320100152 | 89678 |
| 320700204 | 491396 |
| 320700205 | 20218 |
| 320800101 | 69391 |

## 1-1-5 സ്ഥിരനിക്ഷേപത്തിന്റെ കണക്കുകൾ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക (ശീർഷകം 420800101) പ്രകാരം 31,14,416/- രൂപയാണ് സ്ഥിര നിക്ഷേപ നീക്കിയിരുപ്പ്. വാർഷിക കണക്കും ഓഡിറ്റിന് ഹാജരാക്കിയ പത്രികകളും തമ്മിൽ 2,55,745/- രൂപ വ്യത്യാസം ഉണ്ട്. കൂടാതെ ശീർഷകം 420400101 പ്രകാരം നിക്ഷേപം ഇനത്തിൽ 1000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

## 1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2024 ലെ 1(1) നമ്പർ തീരുമാനപ്രകാരവും, റിവൈസ്ഡ് ബജറ്റ് 14.03.25 ലെ 1(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,92,91,930/- രൂപ |
| വരവ് | 11,36,86,398/- രൂപ |
| ആകെ | 14,29,78,328/- രൂപ |
| ചെലവ് | 10,79,38,928/- രൂപ |
| നീക്കിയിരിപ്പ് | 3,50,39,400/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 59,000/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,90,58,169/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 24380000 | 24380000 | 24121669 | 258331 |
| വികസന ഫണ്ട്-എസ്.സി.പി | | 10973000 | 10973000 | 9477724 | 1495276 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | | 23299000 | 23299000 | 20256977 | 3042023 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | | 4944000 | 4944000 | 4478335 | 465665 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക് ഗ്രാന്റ്- ട്രഷറി | 0 | 9121 | 9121 | 0 | 9121 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക് ഗ്രാന്റ്- ബാങ്ക് | 1053435 | 4384681 | 5438116 | 4123352 | 1314764 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട്- ട്രഷറി | | 2752617 | 2752617 | 105880 | 2646737 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട്- ബാങ്ക് | 6825455 | 8941500 | 15766955 | 2978554 | 12788401 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | | | | |
| ലൈബ്രറി ഗ്രാന്റ് | 35590 | 0 | 35590 | 0 | 35590 |
| ലൈഫ് ഭവന നിർമ്മാണം- സംസ്ഥാന വിഹിതം | 1000000 | 8000000 | 9000000 | 8210000 | 790000 |
| TSC (SBM ഫണ്ട്) | 271651 | 0 | 271651 | 0 | 271651 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 1678853 | 3250071 | 4928924 | 1588406 | 3340518 |
| ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure | 233031` | 442514 | 675545 | 206876 | 468669 |
| ഹെൽത്ത് ഗ്രാന്റ്- Conversion Of PHC's And Sub Centers Into Wellness Centers | 577053 | 694534 | 1271587 | 560905 | 710682 |
| കുടിവെള്ളപദ്ധതി | 683 | 0 | 683 | 0 | 683 |
| സാക്ഷരത | 9755 | 0 | 9755 | 0 | 9755 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 491396 | 0 | 491396 | 0 | 491396 |
| ജില്ലാപ്പഞ്ചായത്ത് വിഹിതം | 20218 | 0 | 20218 | 0 | 20218 |
| ഗുണഭോക്തൃവിഹിതം | 69391 | 784125 | 853516 | 784125 | 69391 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 290 | 51,03,27,317/- | 160 | 9,00,44,358/- | - | 130 | 55 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 369042 | 2001633 | 2370675 | 2138678 | 231997 |
| തൊഴിലാളികളുടെ വേതനം | | 58703437 | 58703437 | 58703437 | |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5079600/- |
| വിധവാ പെൻഷൻ | 21745300/- |
| വാർദ്ധക്യകാല പെൻഷൻ | 52600600/- |
| ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പെൻഷൻ | 5560300/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 398400/- |
| വിവാഹ ധനസഹായം | 90000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2025-ന് 02.45 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12071/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സ്ഥലസൗകര്യം പരിമിതമാണ്. ഇത് ഓഫീസിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ധനകാര്യകമ്മീഷൻ ഗ്രാന്റ്, ഐ.സി.ഡി.എസ് കേന്ദ്രവിഹിതം എന്നീ ഇനങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. അവ നിർദ്ദിഷ്ട മേഖലകളിൽ വിനിയോഗിക്കുന്നതിന് ഫലപ്രദമായ ഇടപെടൽ ഭരണതലത്തിൽ ഉണ്ടാകേണ്ടതുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റുകൾ റീഫണ്ട് ചെയ്തതിന്റെ വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാന്ത്യം തിരികെ കൊടുക്കാൻ അവശേഷിച്ച ഡെപ്പോസിറ്റുകളുടെ വിശദാംശം രേഖപ്പെടുത്തി വർഷാന്ത്യ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഏജൻസികൾക്ക് വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട് എന്നത് നിരീക്ഷിക്കുകയോ വിശദാംശം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകിയ മുൻകൂർ തുക യഥാസമയം ക്രമീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചിട്ടില്ല.

തെരുവുവിളക്കുകളുടെ മീറ്ററിംഗ് സംവിധാനം പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. മീറ്റർ പൂർണ്ണമായി സ്ഥാപിച്ച് തനത് ഫണ്ടിനത്തിലുള്ള അധിക വ്യയം ഒഴിവാക്കേണ്ടതുണ്ട്.

പുതിയ ഷോപ്പിംഗ് മാൾ കെട്ടിടനിർമ്മാണത്തിന് വേണ്ടി ഇതുവരെ 31 കോടി രൂപ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. പണി തീർന്ന ഷോപ്പിംഗ് മാളിന്റെ വാടക ഇനത്തിലുള്ള വരുമാനം ആർജ്ജിക്കുന്നതിന് നടപടികൾ പുരോഗമിച്ച് വരുന്നു. എന്നാൽ വായ്പാ തിരിച്ചടവിനത്തിലുള്ള ബാദ്ധ്യത നേരിടുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഇപ്പോഴും സജ്ജമായിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി, ഭവന പുനരുദ്ധാരണം എന്നിവ പ്രകാരം ഗുണഭോക്താക്കൾക്ക് അധികത്തുക ധനസഹായം ആയി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയതിന്റെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ കൃത്യമായി മോണിട്ടർ ചെയ്യാഞ്ഞതും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിന്റെ അഭാവവും അപാകങ്ങൾക്ക് കാരണമായതായി വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/12/2022 | 7/2022 മുതൽ 9/2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/01/2017 മുതൽ 21/01/2017 വരെ | 2011-12 മുതൽ 2015-16 വരെ | 21/02/2017 |

## 1-11 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കി

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും അസസ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം(ച.മി) | ഉപയോഗക്രമം | നിർണ്ണയിച്ച അടിസ്ഥാന | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും | റോഡിന്റെ വിവരം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | വസ്തുനികുതി | ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | |
| 12 | 730 | ശ്രീ. സഞ്ചയ്ഖാൻ | 22.35 | വാണിജ്യം | 22.35x 78.75=1760 | 352 | ഏനാത്ത്- പത്തനാപുരം |
| 12 | 731 | ശ്രീ. സഞ്ചയ്ഖാൻ | 26.36 | വാണിജ്യം | 26.36x 78.75=2075 | 415 | ഏനാത്ത്- പത്തനാപുരം |
| 12 | 732 | ശ്രീ. സഞ്ചയ്ഖാൻ | 26.36 | വാണിജ്യം | 26.36x 78.75=2075 | 415 | ഏനാത്ത്- പത്തനാപുരം |
| 12 | 733 | ശ്രീ. സഞ്ചയ്ഖാൻ | 26.36 | വാണിജ്യം | 26.36x 78.75=2075 | 415 | ഏനാത്ത്- പത്തനാപുരം |
| 12 | 734 | ശ്രീ. സഞ്ചയ്ഖാൻ | 12.81 | വാണിജ്യം | 12.81x 78.75=1008 | 201 | ഏനാത്ത്- പത്തനാപുരം |
| 12 | 735 | ശ്രീ. സഞ്ചയ്ഖാൻ | 12.82 | വാണിജ്യം | 12.82x 78.75=1009 | 201 | ഏനാത്ത്- പത്തനാപുരം |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 17/29.12.2025

**<u>1-12 പഞ്ചായത്ത് പരിധിയിയിലുള്ള ടർഫുകളുടെ വസ്തുനികുതി ഈടാക്കിയില്ല</u>**

സ.ഉ(അച്ചടി)നം.25/2023/തസ്വഭവ 05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ | 25 | 45 |

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി 22.06.2023 തീയതിയിലെ കമ്മിറ്റിയിൽ അംഗീകരിച്ച (തീരുമാന നം.1/1) അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 30 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. പൊതുജനങ്ങൾ പണം കൊടുത്ത് ഉപയോഗിക്കുന്ന കളിസ്ഥലങ്ങളാണിവ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടർഫിന്റെ ഓഫീസ് കെട്ടിടത്തിന് മാത്രമാണ് നികുതി നിർണ്ണയം നടത്തിയതെന്നും ടർഫുകളുടെ വിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയം നടത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കി. എല്ലാ ടർഫുകളുടെയും നികുതി നിർണ്ണയം നടത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 10/29-12-2025

## 1-13 അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി വരുത്തിയിരുന്നു. ആക്ടിലെ 235-ാം വകുപ്പിൽ വരുത്തിയ ഭേദഗതി പ്രകാരം അൺ എയ്ഡഡ് സ്കൂളുകൾക്കും മറ്റും നൽകിയിരുന്ന വസ്തുനികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൽ അമീൻ സ്കൂളിൽ നിന്നും (കെട്ടിടനമ്പർ 17/1048, 17/1049) വസ്തു നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
പ്രസ്തുത അൺ എയ്ഡഡ് സ്കൂളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/ 29-12-2025

## 1-14 കടമുറികളുടെ വാടക ഈടാക്കുവാൻ അവശേഷിക്കുന്നു

ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്ക് നൽകിയ വ്യക്തികളിൽ നിന്നും വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| വാടകക്കാരന്റെ പേര് | കടമുറി നമ്പർ | മാസ വാടക | കുടിശ്ശിക വരുത്തിയ കാലയളവ് ( മാസം) | ആകെ കുടിശ്ശിക ത്തുക | ജി.എസ്.ടി ഈടാക്കാഞ്ഞത് |
|---|---|---|---|---|---|
| ശ്രീ. സലാഹുദ്ദീൻ,<br>സജന മൻസിൽ | FM4 | 1253 | 12 | 15036 | 2707 |
| ശ്രീ. റഷീദ് ബീരാൻ,<br>നൗഫൽ മൻസിൽ<br>കാരംമൂട് | NS1 | 1253 | 12 | 15036 | 2707 |
| ശ്രീ. അബ്ദുൾ അസീസ്,<br>ആനക്കുഴി വീട് | NS2 | 1253 | 12 | 15036 | 2707 |
| ശ്രീ. റഷീദ് ബീരാൻ,<br>നൗഫൽ മൻസിൽ<br>കാരംമൂട് | NS2 | 1253 | 9 | 11277 | 2030 |
| ശ്രീ. നജീബ്,<br>പൂമംഗല ഒരകത്ത് പുതിയ വളപ്പിൽ, ആലക്കോട്, കണ്ണൂർ | 145 | 12250 | 3 | 36750 | 6615 |
| ശ്രീ. ഡെൻസൺ വർഗ്ഗീസ്,<br>നല്ലവീട്ടിൽ കുറ്റിയിൽ | FMFF14 | 6132 | 8 | 49056 | 8830 |

വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കിയശേഷം വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലേലം ഉറപ്പിച്ചശേഷം പിൻമാറിയ വ്യക്തി അടവാക്കിയ നിരതദ്രവ്യം മുതൽക്കൂട്ടിയില്ല

നടുക്കുന്ന് മാട്ടിറച്ചി സ്റ്റാളിന്റെ 2024-25 വർഷത്തെ ലേലം ഉറപ്പിച്ച കരാറുകാരനായ ശ്രീ ആഷിഖ്, ആഷിഖ് മൻസിൽ, ഇടത്തറ എന്ന വ്യക്തി അംഗീകൃത അറവുശാലയുടെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ലേലത്തിൽ നിന്നും പിന്മാറിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വ്യക്തി നിരതദ്രവ്യം ആയി അടവാക്കിയ 50000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ടി വ്യക്തിയ്ക്ക് ലേലം ഉറപ്പിച്ച് നല്കിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തശേഷം കരാറിൽ ഏർപ്പെടാതെ പിൻമാറിയത് ലേലനിബന്ധനകളുടെ ലംഘനമാണ്. ടിയാൻ ഒടുക്കിയ നിരതദ്രവ്യം ഓഡിറ്റ് തീയതി വരെയും തിരികെ നൽകിയിട്ടില്ല. നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-16 ലൈഫ് ഭവനപദ്ധതികൾ - ആനുകൂല്യ വിതരണ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല- രേഖപ്പെടുത്തലുകളിൽ സുതാര്യതയില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|
| 263/24 | അതി ദാരിദ്ര്യം ലൈഫ് ഭവന നിർമ്മണം Sc | 40000 (വികസനഫണ്ട് Scp) | 24040552011700500186 Dated 05/08/2024=40000/- |
| 275/24 | ലൈഫ് മിഷൻ | 180000 (വികസനഫണ്ട് ജനറൽ-80000, State Share-100000) | 24040552011700500544 Dated 05/08/2024=80000/- |

| | | | |
|---|---|---|---|
| | | | State Share<br>1)521225/11-03-2025=100000/- |
| 125/24 | ലൈഫ് മിഷൻ -<br>ജനറൽ | 15690000 (വികസനഫണ്ട്<br>ജനറൽ-5700000,<br>State Share-6710000, Block-1130000, Loan-2150000) | Block Share<br>1)24040552011701020274dated 12/12/2024=400000/-<br>2)24040552011700621078 Dated04/09/2024=470000/-<br>3)24040552011701020262 Dated12/12/2024=260000/-<br>വികസനഫണ്ട്<br>105/4-8-2024=2000000/-<br>110/ 4-8-2024=292000/-<br>119/ 4-8-2024=140000/-<br>144/ 4-8-2024=80000/-<br>149/ 4-8-2024=160000/-<br>158/ 4-9-2024=200000/-<br>160/ 5-9-2024=330000/-<br>168/ 5-9-2024=160000/-<br>282/ 18-12-2024=450000/-<br>283/18-12-2024=300000/-<br>286/18-12-2024=420000/-<br>306/ 31-12-2024=460000/-<br>307/ 31-12-2024=340000/-<br>458/13-03-2025=368000/-<br>**ലോൺ**<br>1)20653/12-11-2024=620000/-<br>2) 20654/21-11-2024=100000/-<br>3) 20655/21-11-2024=400000/-<br>4)20656/21-11-2024=100000/-<br>5)598114/18-12-2024=200000/-<br>6)598117/16-01-2025=730000/-<br>സ്റ്റേറ്റ് ഷെയർ<br>1)598101/30-10-2024=400000/-<br>2)598102/30-10-2024=660000/-<br>3)598103/30-10-2024=700000/-<br>4)598106/30-10-2024=600000/-<br>5)598107/30-10-2024=340000/-<br>6)598109/13-11-2024=100000/-<br>7)598112/10-12-2024=100000/-<br>8)21221/07-02-2025=100000/-<br>9)21220/07-02-2025=160000/-<br>10)521222/20-02-2025=160000/-<br>11)521223/25-02-2025=40000/-<br>12)521226/27-03-2025=500000/-<br>13)521227/27-03-2025=600000/-<br>14)521229/27-03-2025=850000/-<br>15)521230/29-03-2025=220000/-<br>16) 521231/29-03-2025=360000/-<br>17)521216/30-01-2025=220000/-<br>18)521218/21-03-2025=600000/- |
| 271/24 | ലൈഫ് മിഷൻ<br>എസ്.സി | 1215000 (വികസനഫണ്ട് Scp-520000,<br>ജില്ല-1650000) | 101/5-8-2024=520000/-(Scp)<br>(ജില്ലവിഹിതം)<br>24040552011701266670dated 03/02/2025=460000/-<br>2)2404055201170126667 Dated 03/02/2025=100000.<br>3)24040552011701351649 Dated 19/02/2025=370000.<br>4)24040552011701351654 Dated 19/02/2025=160000<br>5)24040552011701494217/ 11/03/2025=100000<br>6)24040552011701494231/11/03/2025=460000 |

| | | | |
|---|---|---|---|
| 126/24 | ലൈഫ് മിഷൻ എസ്.സി | 7190000 (വികസനഫണ്ട് Scp-3960000, State Share-1400000, Block-560000, District-970000, Loan-300000) | State Share<br>1) 598100/30-10-2024=200000/-<br>2)598104/30-10-2024=400000/-<br>3)598108/30-10-2024=800000/-<br>ലോൺ<br>1)20657/05-12-2024=200000/-<br>2)21219/07-02-2025=100000/-<br>ജില്ല വിഹിതം<br>24040552011700887067 11/11/2024=200000<br>24040552011700621087 04/09/2024=160000<br>24040552011700834987 29/10/2024=480000<br>24040552011700834998 29/10/2024=290000<br>24040552011701020699 12/12/2024=400000<br>വികസനഫണ്ട്<br>02-08-2024 \| 103/ 05-08-2024 \| 560000<br>05-08-2024 \| 109/ 05-08-2024 \| 780000<br>14-08-2024 \| 123/ 14-08-2024 \| 40000<br>03-09-2024 \| 159/ 04-09-2024 \| 40000<br>05-09-2024 \| 167/ 05-09-2024 \| 160000<br>18-12-2024 \| 287/ 19-12-2024 \| 200000<br>19-12-2024 \| 289/ 21-12-2024 \| 200000<br>31-12-2024 \| 313/ 03-01-2025 \| 420000<br>07-01-2025 \| 322/ 08-01-2025 \| 420000<br>07-01-2025 \| 323/ 08-01-2025 \| 160000<br>08-01-2025 \| 326/ 09-01-2025 \| 140000<br>16-01-2025 \| 341/ 17-01-2025 \| 100000<br>12-03-2025 \| 459/ 13-03-2025 \| 400000<br>18-03-2025 \| 493/ 19-03-2025 \| 200000<br>19-03-2025 \| 498/ 20-03-2025 \| 100000<br>22-03-2025 \| 22-03-2025 \| 40000<br>ആകെ \| 3960000 |

വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പറഞ്ഞ പദ്ധതികൾ പ്രകാരം 2024-25 സാമ്പത്തിക വർഷം ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ, ആധാർ വിവരങ്ങൾ, ഗഡുക്കൾ നൽകിയതിന്റെ തീയതി, ഏത് ഇനം ഫണ്ട് എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിതരണ രജിസ്റ്ററിൽ മുൻവർഷം നടത്തിയ രേഖപ്പെടുത്തൽ പലതും നീക്കം ചെയ്തതായി കണ്ടു. ഓഡിറ്റ് വർഷം നൽകിയ ധനസഹായത്തിന്റെ വിവരം ഒട്ടേറെ പേജുകളിൽ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയ നിലയിലാണ്. വായ്പത്തുകയിൽ നിന്നുള്ള വിനിയോഗത്തിന്റെ വിവരം വിതരണ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യാ വെബിൽ വായ്പത്തുകയുടെ വിനിയോഗ വിവരം ഉൾപ്പെട്ടിട്ടില്ലാത്തതിനാലും രജിസ്റ്ററിലെ മേൽസൂചിപ്പിച്ച അപാകങ്ങളുടെ സാഹചര്യത്തിലും, ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതിന്റെ സുതാര്യത പൂർണ്ണമായും ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. വിതരണ രജിസ്റ്ററിലെ വിശദാംശം കൃത്യമാക്കിയശേഷം അപേക്ഷാ ഫയലുകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 24315000/- രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 06/24-12-2025
തടസ്സപ്പെടുത്തുന്ന തുക 24315000/-രൂപ

## 1-17 ഭവന പുനരുദ്ധാരണം- രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല

| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | ചെലവ് തുക, ബിൽ നം., തീയതി |
|---|---|---|
| 120/2024-25 | ഭവന പുനരുദ്ധാരണം | 900000 (വികസനഫണ്ട്- ജനറൽ)<br>15-03-2025, \| 471/ 15-03-2025= \| 475000<br>15-03-2025, \| 473/ 15-03-2025= \| 150000<br>18-03-2025, \| 491/ 19-03-2025= \| 100000<br>19-03-2025, \| 497/ 20-03-2025= \| 75000<br>24-03-2025, \| 556/ 25-03-2025= \| 75000<br>26-03-2025, \| 577/ 26-03-2025= \| 25000 |
| So 150/2024-25 | ഭവനപുനരുദ്ധാരണം | 1110000 (വികസനഫണ്ട് ജനറൽ-)<br>15-06-2024, \| 17/ 15-06-2024= \| 468000<br>22-06-2024, \| 23/ 22-06-2024= \| 154000<br>02-07-2024, \| 29/ 05-07-2024= \| 26000<br>06-07-2024, \| 63/ 08-07-2024= \| 24000<br>09-07-2024, \| 81/ 09-07-2024= \| 26000<br>09-07-2024, \| 83/ 09-07-2024= \| 26000<br>05-08-2024, \| 108/ 05-08-2024= \| 74000<br>23-08-2024, \| 143/ 24-08-2024= \| 26000 |

| | | | | |
|---|---|---|---|---|
| | | 04-10-2024, | 195/ 08-10-2024= | 26000 |
| | | 09-05-2024, | 2/ 09-05-2024= | 52000 |
| | | 09-05-2024, | 3/ 09-05-2024= | 52000 |
| | | 09-05-2024, | 4/ 09-05-2024= | 130000 |
| | | 10-03-2025 | 437/ 11-03-2025 | 26000 |
| 121/2024-25 | ഭവനപുനരുദ്ധാരണം | 1215000 (വികസനഫണ്ട്- Sc) | | |
| | | 08-01-2025, | 325/ 09-01-2025= | 35000 |
| | | 21-01-2025, | 348/ 23-01-2025= | 140000 |
| | | 15-03-2025, | 472/ 15-03-2025= | 390000 |
| | | 17-03-2025, | 490/ 19-03-2025= | 105000 |
| | | 19-03-2025, | 496/ 20-03-2025= | 180000 |
| | | 21-03-2025, | 512/ 22-03-2025= | 70000 |
| | | 22-03-2025, | 532/ 24-03-2025= | 70000 |
| | | 24-03-2025, | 557/ 25-03-2025= | 40000 |
| | | 25-03-2025, | 565/ 25-03-2025= | 35000 |
| | | 25-03-2025, | 566/ 25-03-2025= | 70000 |
| | | 25-03-2025, | 567/ 25-03-2025= | 40000 |
| | | 26-03-2025 | 574/ 26-03-2025= | 40000 |
| So 151/2024-25 | ഭവനപുനരുദ്ധാരണം | 1320000 (വികസനഫണ്ട്- Sc) | | |
| | | 15-06-2024 | 18/ 15-06-2024= | 420000 |
| | | 22-06-2024 | 24/ 22-06-2024= | 42000 |
| | | 02-07-2024 | 30/ 05-07-2024= | 33000 |
| | | 23-08-2024 | 142/ 24-08-2024= | 42000 |
| | | 18-12-2024 | 285/ 19-12-2024= | 42000 |
| | | 23-12-2024 | 297/ 27-12-2024= | 42000 |
| | | 09-01-2025 | 327/ 09-01-2025= | 35000 |
| | | 16-01-2025 | 340/ 17-01-2025= | 70000 |
| | | 17-01-2025 | 344/ 18-01-2025= | 42000 |
| | | 25-03-2025 | 568/ 25-03-2025= | 80000 |
| | | 25-03-2025 | 569/ 25-03-2025= | 37000 |
| | | 09-05-20247/ 09-05-2024 = 285000 | | |
| | | 16-05-2024 10/ 16-05-2024= 150000 | | |
| | | ആകെ 4545000/- | | |

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ മേൽസൂചിപ്പിച്ച പദ്ധതികൾ പ്രകാരം 2024-25 സാമ്പത്തിക വർഷം ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ, ആധാർ വിവരങ്ങൾ, ഗഡുക്കൾ നൽകിയതിന്റെ തീയതി, ഏത് ഇനം ഫണ്ട് എന്നിവയുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ ആകെ ധനസഹായത്തിന്റെ കൃത്യത ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമാക്കേണ്ടതും, അപേക്ഷാ ഫയലുകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുകയായ 4545000/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി നം. 09/26-12-2025
തടസ്സപ്പെടുത്തുന്ന തുക 4545000/- രൂപ

## 1-18 ഷോപ്പിംഗ് മാൾ വാടകയ്ക്ക് നൽകുന്ന നടപടികൾ പൂർത്തിയായില്ല – പഞ്ചായത്ത് വായ്പാ ബാദ്ധ്യതയിൽ

പത്തനാപുരം പട്ടണത്തിന്റെ മധ്യഭാഗത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 477/17-7 ൽ ഉൾപ്പെടുന്ന 02 ഏക്കർ 2.853 സെന്റ് സ്ഥലത്ത് 2018-19 ൽ തുടങ്ങിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം കരാർ മുഖേന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആണ് നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1698/2018 ത.സ്വ.ഭ.വ തീയതി 22.06.2018 പ്രകാരം, മേൽ പരാമർശിച്ച 2 ഏക്കർ 2.853 സെന്റ് സ്ഥലത്തിന്റെ ജാമ്യത്തിൽ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 21,15,00,000/- രൂപ വായ്പ എടുക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി. ഇതിനു പുറമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയ 2,35,00,000/- രൂപയും ചേർത്ത് 23.50 കോടി രൂപയായിരുന്നു പദ്ധതിയുടെ പ്രാരംഭ അടങ്കൽ തുക. തുടർന്ന് നിർമ്മാണ ഘട്ടത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ, അഗ്നിശമന സംവിധാനം, ലിഫ്റ്റ് സ്ഥാപിക്കൽ എന്നീ അധിക ഇനങ്ങൾ ഉൾപ്പെടുത്തിയും ആകെ അടങ്കലിൽ മാറ്റം വരുത്താതെയും, 23.50 കോടിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ചീഫ് എൻജിനീയറുടെ 10.01.2022 ലെ CE/DB3/DB1/12493/17/CE/LSGD കത്ത് പ്രകാരം അംഗീകാരം ലഭ്യമാക്കി. കോവിഡ് 19 മൂലം സാമ്പത്തിക പ്രതിസന്ധിയിലായ കെ.യു.ആർ.ഡി.എഫ്.സി യ്ക്ക് ലോൺ തുക അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായതിനാൽ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ എടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ.ഉ (സാധാ)നം 1188/2022/ ത.സ്വ.ഭ.വ. തീയതി 10-05-2022 പ്രകാരം സർക്കാരിന്റെ അനുമതി ലഭിച്ചു. കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും ലഭിച്ച വായ്പാത്തുക ടേക്ക് ഓവർ ചെയ്ത് തിരിച്ചടവാക്കുന്നതിനുൾപ്പെടെ 31.15 കോടി രൂപയാണ് വായ്പാത്തുക എടുക്കാൻ അനുമതി ലഭിച്ചത്.

ഷോപ്പിംഗ് മാൾ നിർമ്മാണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ വർക്ക് ബിൽ പ്രകാരം നാളിതുവരെ (29.12.2025 വരെ) ചെയ്ത പ്രവൃത്തികളുടെ മൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ വിവരം | വർക്ക് ബിൽ പ്രകാരം നാളിതുവരെ ബിൽ തുക |
|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- സിവിൽ പ്രവൃത്തികൾ SO179/25 | 203925467.9 |
| 2 | ടി- ഇലക്ട്രിക്കൽ പ്രവൃത്തികൾ | 16346563.87 |
| 3 | ഷോപ്പിംഗ് മാൾ- അവസാനഘട്ട പ്രവൃത്തികൾ SO154/25 | 18502786 |
| 4 | ടി- ഇലക്ട്രിക്കൽ പ്രവൃത്തികൾ | 6131790 |
| 5 | ഷോപ്പിംഗ് മാൾ- അധിക പ്രവൃത്തികൾ SO207/2025 | 25430681 |
| 6 | ഷോപ്പിംഗ് മാൾ- Fire Hidrant Alarm System SO221/25 | 7337497 |
| 7 | ഷോപ്പിംഗ് മാൾ- Internal Works SO208/2025 | 1292538 |
| 8 | ഷോപ്പിംഗ് മാൾ- High Tension Installation SO227/25 | 7673758 |
| 9 | ഷോപ്പിംഗ് മാൾ- Low Tension Work | 8600486 |
| 10 | ടി- പമ്പ് സ്ഥാപിക്കൽ | 3167988 |
| 11 | ടി- Interior Decoration | 1713826 |
| 12 | ടി External Work | 1778337 |
| ആകെ | | 30,19,01,718.77 |

പ്രവൃത്തിയുടെ പ്രതിഫലം ആയി ULCCS ന് നൽകിയ തുക, ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് DLTC അംഗങ്ങൾക്ക് നൽകിയ സൂപ്പർവിഷൻ ചാർജ്, ടാക്സ് എന്നീ ഇനങ്ങൾക്ക് വായ്പത്തുക ചെലവഴിച്ചത് സംബന്ധിച്ച്, ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റുകൾ പ്രകാരം ഉള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെ.യു.ആർ.ഡി.എഫ്.സി വായ്പ | |
| 30.9.2019 | 17872250 |
| 30.12.2019 4547000/- രൂപ | 21726535 |
| 15.5.2020 | 100,00,000 |
| 1.7.2020 | 191,00,488 |
| 20.10.2020 | 100,00,000 |
| 21.12.2020 | 100,00,000 |
| 27.1.2021 | 100,00,000 |
| 17.3.2021 | 11823769 |
| 30.6.2021 | 18048061 |
| കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ | |
| 14.10.2022 | 51472178 |
| 16.6.2023 | 18941028 |
| 11.8.2023 | 4982187 |
| 16.10.2023 | 3639056 |
| 22.1.2024 | 7926216 |
| 12.7.2024 | 4422858 |
| 14.8.2024 | 8105409 |
| 27.8.2024 | 6805140 |
| 5.3.2025 | 6004574 |
| 2.9.2025 | 2832325 |
| 25.9.2025 | 13941994 |
| പാർട്ട് ബില്ലുകളിൽ റീടെൻഷൻ തുക പിടിച്ചശേഷം പ്രതിഫലം നൽകുന്നതിന് വിനിയോഗിച്ച ആകെ വായ്പ | 257644068 |
| തനത് ഫണ്ടിൽ നിന്നും പ്രതിഫലം നൽകുന്നതിന് വിനിയോഗിച്ച തുക | 1 കോടി |

ഷോപ്പിംഗ് മാളിന്റെ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചതായി ഓഡിറ്റ് നടത്തിയ ഭൌതിക പരിശോധനയിൽ കണ്ടു. ചെയ്ത പ്രവൃത്തികളുടെ ഫൈനൽബിൽ തയ്യാറാക്കിയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതായും, ആയത് അംഗീകരിച്ച് ലഭിയ്ക്കുന്ന മുറയ്ക്ക് ഫൈനൽ ബിൽ തുക നൽകുന്നതാണ് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

ഷോപ്പിംഗ് മാളിന്റെ രണ്ടാം നിലയിലെ മൂന്ന് തിയേറ്ററുകളും ആശിർവാദ് സിനിപ്ലക്സിന് 302000 രൂപ പ്രതിമാസ വാടകയ്ക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഷോപ്പിംഗ് മാളിന്റെ ഗ്രൌണ്ട് ഫ്ലോർ മൊത്തമായി 26.7.2025-ൽ നടന്ന ലേലത്തിൽ ലുലുമാൾ, തിരുവനന്തപുരം- ന് ലേലം ചെയ്ത് നൽകി. 10 മാസത്തെ വാടകയായ 9454080 രൂപ ഡെപ്പോസിറ്റ് തുകയായി സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് മുമ്പ് തന്നെ ഗ്രൌണ്ട് ഫ്ലോറിലെ ഒരു മുറി മറ്റൊരു വ്യക്തി ലേലത്തിൽ പിടിച്ച് വ്യാപാര സ്ഥാപനത്തിന്റെ പ്രവർത്തനം തുടങ്ങിയിരുന്നതായും, ടി സ്ഥാപനത്തിന്റെ പ്രവർത്തനം മുകൾനിലയിലേക്ക് മാറ്റിയശേഷം ലുലുവിന് ഗ്രൌണ്ട് ഫ്ലോർ കൈമാറുന്നതാണ് എന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. 10/2025 -ൽ നടന്ന ലേലത്തിൽ ഒന്നാം നിലയിലെ 11 മുറികൾ ലേലം ചെയ്ത് നൽകിയതായും, ബാക്കിയുള്ളവ ലേലം ചെയ്ത് നൽകുന്ന നടപടി പൂർത്തീകരിക്കുന്നതാണ് എന്നും മറുപടി ലഭിച്ചു.

മാൾ പൂർണ്ണമായും ലേലം ചെയ്ത് വാടക പിരിച്ചെടുക്കാത്ത പക്ഷം വായ്പാതിരിച്ചടവ് ഇനത്തിലുള്ള ബാദ്ധ്യത നേരിടുന്നതിന് കഴിയാതെ വരികയും, ആയത് പഞ്ചായത്തിന്റെ ദൈനംദിന/ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് പോലും പ്രതിസന്ധി ഉണ്ടാക്കുകയും ചെയ്യുന്നതിന് സാദ്ധ്യത ഉള്ളതായി വിലയിരുത്തുന്നു. ആയതിനാൽ ഷോപ്പിംഗ് മാൾ പൂർണ്ണമായും വാടകയ്ക്ക് നൽകി പരമാവധി വരുമാനം ആർജ്ജിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ഭവനപുനരുദ്ധാരണം(എസ്.സി)-ഗുണഭോക്താവിന് അധികമായി സബ്സിഡി നൽകി

വി ഇ ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം (എസ്.സി) എന്ന പദ്ധതിയിൽപ്പെടുത്തി ഗുണഭോക്താവിന് സബ്സിഡി അധികമായി നൽകി. ശ്രീമതി. രാധാമണി, സന്ധ്യാഭവൻ, തേവലക്കര, പൂങ്കുളഞ്ഞി എന്ന ഗുണഭോക്താവിന്റേ അക്കൗണ്ടിലേക്കാണ് അധികമായി സബ്സിഡി നൽകിയത്.

ഗുണഭോക്താവിന് അനുവദനീയമായതിലും അധികമായി നൽകിയ തുക ഓഡിറ്റിൽ നിരാകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-20 ഭവനപുനരുദ്ധാരണം(ജനറൽ)- സബ്സിഡി അധികമായി നൽകി

പതിനാലാം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി ത്രിതല പഞ്ചായത്തുകൾക്ക് സബ്സിഡി, ധനസഹായം എന്നിവ നൽകുന്നതിനുള്ള 28.5.2022-ലെ സ.ഉ(കൈ) 115/2022 നമ്പർ ഉത്തരവ് പ്രകാരം ഭവനപുനരുദ്ധാരണത്തിന് ജനറൽ വിഭാഗത്തിലുള്ള ഒരു ഗുണഭോക്താവിന് 50000/- രൂപയാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ ഭവനപുനരുദ്ധാരണം (ജനറൽ) (S0 150/2024-25) എന്ന പദ്ധതി പ്രകാരം ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിനായി 76000/- രൂപ കൈമാറിയതായി കണ്ടെത്തി. അധികമായി അനുവദിച്ച 26000/- രൂപ ഓഡിറ്റിൽ നിരാകരിച്ചതിന്റെ വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-21 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

വാർഷിക കണക്കുകളിലെ ഷെഡ്യൂൾ ബി4 പ്രകാരം വിവിധ ഇനങ്ങളിൽ ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാന്റിനം | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 33,40,518 |
| 2 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട് | 127,88,401 |
| 3 | Grants, Funds & Contribution For Specific Purpose- Other Government Agencies | 790,000 |
| 4 | സംയുക്ത പദ്ധതി (Revenue Expenditure)- ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 491,396 |
| 5 | സംയുക്ത പദ്ധതി (Revenue Expenditure)- ജില്ലാ പഞ്ചായത്ത് വിഹിതം | 20218 |

ശുചിത്വം, ഖരമാലിന്യ സംസ്ക്കരണ പ്രോജക്ടുകൾ, കക്കൂസ് മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള ദ്രവമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കും, കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്, ജലത്തിന്റെ പുനഃചംക്രമണം എന്നിവയ്ക്കും കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ടിന്റെ 50% വീതം വിനിയോഗിക്കാവുന്നതാണ് എന്ന് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ കാലയളവിലേക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് 19.4.2022-ലെ സ.ഉ(കൈ) നമ്പർ 84/2022/LSGD പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

പൂരക പോഷകാഹാര പരിപാടിയ്ക്ക് ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച്, സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗൻവാടികൾക്ക് കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മുൻഗണന നൽകേണ്ടതാണ് എന്ന് 3.9.2010-ലെ 39033/ ഡി.സി2/10/തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

പട്ടികയിൽ ക്രമ നമ്പർ 3 ആയി സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ഏതിനത്തിലുള്ളതാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും, വിനിയോഗം ഉറപ്പാക്കേണ്ടതുമാണ്. ക്രമ നമ്പർ 4, 5 ആയി സൂചിപ്പിച്ച ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പക്ഷം, ടി തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്.

## 1-22 ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണം- അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണമാണ്. വിവിധ ഇനങ്ങളിൽ ഓഡിറ്റ് വർഷം ലഭിച്ച ഡെപ്പോസിറ്റുകൾ പൂർണ്ണമായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തിരികെ നൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ കണക്കുകൾ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ പറയുന്നവയാണ്.

| ക്രമ നമ്പർ | ഇനം | റീഫണ്ട് ചെയ്യാൻ അവശേഷിക്കുന്ന തുക (AFS പ്രകാരം) |
|---|---|---|
| 1 | Contractors' Earnest Money Deposit | 52,281.00 |
| 2 | Suppliers' Earnest Money Deposit | 15,250.00 |
| 3 | Bidders' Earnest Money Deposit | 20,74,006.00 |
| 4 | Contractors' Security Deposit | 1,20,412.00 |
| 5 | Suppliers' Security Deposit | 20,369.00 |
| 6 | Bidders' Security Deposit | 12,50,520.00 |
| 7 | Contractors' Retention | 1,12,47,227.00 |
| 8 | Suppliers' Retention | 2,125.00 |
| 9 | Election Deposit | 33,500.00 |
| 10 | Library Deposit | 15,782.00 |
| 11 | Other Deposits | 37,500.00 |

ഡെപ്പോസിറ്റുകൾ റീഫണ്ട് ചെയ്തതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷാന്ത്യം തിരികെ കൊടുക്കാൻ അവശേഷിച്ച ഡെപ്പോസിറ്റുകളുടെ കണക്ക് സഹിതം വർഷാന്ത്യ സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം വിവിധ ഇനങ്ങളിൽ നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ക്രമീകരിക്കാനുള്ള മുൻകൂർ |
|---|---|---|
| 1 | Advance To Implementing Agencies - Deposit With Kerala Water Authority | 3,45,590.00 |
| 2 | Advance To Implementing Agencies - Deposit With Kerala Electricity Board | 9,23,430.00 |
| 3 | Advance To Implementing Agencies - Deposit With Ground Water Department | 1,46,844.00 |
| 4 | Advance To Implementing Officers | 4,90,000.00 |
| 5 | Advance To Mahatma Gandhi NREGA/AUEGS Administrative Expense | 23,15,326.00 |
| 6 | Temporary Advance For Official Purposes | 1,60,859.00 |
| 7 | Advance To Others | 15,600.00 |

കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജല വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികൾക്ക് വിവിധ പദ്ധതികൾക്കായി മുൻകൂർ നൽകിയതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട് എന്നത് നിരീക്ഷിക്കുകയോ വിശദാംശം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകിയ മുൻകൂർ തുക യഥാസമയം ക്രമീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനം ഇല്ല.

അപാകങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

## 1-23 ജെം പോർട്ടൽ മുഖേന വാങ്ങൽ - ടെണ്ടർ നടപടി സ്വീകരിച്ചില്ല

വിവിധ പദ്ധതികളുടെ ഭാഗമായി ജെം പോർട്ടൽ മുഖേന വാങ്ങൽ നടത്തിയത് ടെണ്ടർ നടപടി സ്വീകരിക്കാതെയാണ്. പോർട്ടലിൽ ലഭ്യമായ നിരക്കുകൾ താരതമ്യം ചെയ്ത് അവയിൽ കുറഞ്ഞ നിരക്ക് അംഗീകരിച്ച് ആണ് വാങ്ങൽ നടത്തിയത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ വിവിധ വാങ്ങലുകൾ നടത്തുന്നത് ഗവൺമെന്റ്-ഇ-മാർക്കറ്റ് പ്ലേസ് (GeM) എന്ന പോർട്ടൽ വഴിയാകണമെന്ന് നിർദ്ദേശിച്ച് സ്റ്റോർ പർച്ചേസ്(എ) വകുപ്പിന്റെ 26.4.2019 ലെ ജി.ഓ(പി) 7/2019/എസ്.പി.ഡി നമ്പർ ആയുള്ള സർക്കാർ ഉത്തരവിലൂടെ സ്റ്റോർ പർച്ചേസ് മാനുവൽ ഭേദഗതി ചെയ്തിട്ടുണ്ട്. 50000 രൂപയ്ക്ക് മുകളിലും 30,00,000 രൂപ വരെയുമുള്ള വാങ്ങലുകൾക്കായി, ജെം-ൽ ലഭ്യമായ മൂന്ന് സപ്ലൈയർമാരുടെയെങ്കിലും നിരക്കുകൾ താരതമ്യം ചെയ്ത് വാങ്ങാവുന്നതാണ് എന്നും, ആവശ്യമെങ്കിൽ GeM-ൽത്തന്നെ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് എന്നും പ്രസ്തുത ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ചുവടെ പറയുന്ന പദ്ധതി പ്രകാരം നടത്തിയ വാങ്ങലിന് ജെം പോർട്ടൽ മുഖേന ടെണ്ടർ നടപടി സ്വീകരിച്ചില്ല. പോർട്ടലിൽ ലഭ്യമായ നിരക്കുകൾ താരതമ്യം ചെയ്ത് അവയിൽ കുറഞ്ഞ നിരക്ക് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേരും നമ്പറും | ഉപകരണങ്ങൾ വാങ്ങാനുണ്ടായ ചെലവ് | വാങ്ങിയ സാധനങ്ങൾ / എണ്ണം |
|---|---|---|---|---|
| 1 | സെക്രട്ടറി | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ S27/2025 | 230000 | 1 |

പരിഹാര നടപടിക്കായി അപാകം ശ്രദ്ധയിൽപ്പെടുത്തുന്നു. ജെം പോർട്ടൽ മുഖേന ടെണ്ടർ നടപടി സ്വീകരിച്ച് വാങ്ങുന്നതിന് ഉള്ള സാദ്ധ്യത ആരായേണ്ടതാണ്.

## 1-24 ലൈബ്രറി സെസ്സ് ഒടുക്കിയില്ല

2024-25 വർഷത്തെ ലൈബ്രറി സെസ്സ് ഒടുക്ക് വരുത്തിയില്ല. സാമ്പത്തിക വർഷാന്ത്യം ഈയിനത്തിൽ ഒടുക്ക് വരുത്താൻ അവശേഷിച്ചിരുന്ന 552,632 രൂപ ഓഡിറ്റ് തീയതി വരെയും സ്റ്റേറ്റ് ലൈബ്രറി കൌൺസിലിൽ ഒടുക്ക് വരുത്തിയില്ല.

ലൈബ്രറി സെസ്സ് അടിയന്തിരമായി ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ലൈബ്രറി- ഭൗതിക സാഹചര്യം തൃപ്തികരമല്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിച്ചു വരുന്ന ലൈബ്രറിയുടെ നിലവിലെ ഭൗതിക സാഹചര്യം പരിതാപകരമാണ്. പഴയ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറി സ്ഥിതി ചെയ്തിരുന്ന കെട്ടിടം പുതുക്കി പണിതപ്പോൾ താത്കാലികമായി കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു. കമ്മ്യൂണിറ്റി ഹാൾ പൊളിച്ചു മാറ്റിയതിനാൽ നിലവിൽ മാർക്കറ്റിനു മുകളിലുള്ള കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിക്കുന്നത്. പൊതുജനങ്ങൾക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥലത്താണ് ലൈബ്രറി സ്ഥിതി ചെയ്യുന്നത്. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് നിലവിലെ കെട്ടിടത്തിൽ സ്ഥലസൌകര്യം പര്യാപ്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ ഉള്ള 8776 പുസ്തകങ്ങളിൽ നിലവിൽ 7106 എണ്ണം മാത്രമാണ് കൈവശമുള്ളത്. കൂടാതെ പല പുസ്തകങ്ങളും കേടുപാട് സംഭവിച്ച നിലയിലാണ്. 52 വരിക്കാർ 2024-25 വർഷം പുതുതായി ചേർന്നിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉചിതമായ സ്ഥലത്തേക്ക് ലൈബ്രറിയുടെ പ്രവർത്തനം മാറ്റുന്നതിനും, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഭരണതലത്തിലുള്ള നടപടിയ്ക്ക് ശുപാർശ ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം. 12/29.12.25

## 1-26 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

പഞ്ചായത്ത് പരിധിയിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക കുടിവെള്ള പൈപ്പ് കണക്ഷൻ നൽകുന്നതിന് രണ്ട് ഘട്ടങ്ങളാണുള്ളത്. 5.3 കോടി രൂപ അടങ്കൽ വകയിരുത്തി നടപ്പാക്കി പൂർത്തീകരിച്ച ഒന്നാം ഘട്ട പദ്ധതി പ്രകാരം 2049 പേർക്കും, 21.66 കോടി രൂപ വകയിരുത്തി നടപ്പാക്കി വരുന്ന രണ്ടാം ഘട്ട പദ്ധതി പ്രകാരം 1501 പേർക്കും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയതായും, കല്ലടയാറിലെ വെള്ളം ആണ് കുടിവെള്ള സ്രോതസ്സ് ആയി ഉപയോഗപ്പെടുത്തുന്നത് എന്നും ഓഡിറ്റിന് നൽകിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചു. നാളിതുവരെ പദ്ധതിക്കായി പഞ്ചായത്ത് വിഹിതം കൈമാറിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്തൃവിഹിതം, എം.എൽ.എ ഫണ്ട്, റോഡ് റീസ്റ്റൊറേഷൻ ചാർജ് എന്നീയിനങ്ങളിൽ തുക ലഭിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ, വാട്ടർ അതോറിറ്റിയുമായുള്ള എഗ്രിമെന്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാത്തതും വിഹിതം കൈമാറാത്തതും അപാകമാണ്.

പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 1-27 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- S58/25 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ- ഹോമിയോ |
| അടങ്കൽ | 387561/- ( മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| ചെലവ് | 387561/- |
| ബിൽ നമ്പർ, തീയതി | 183/25-09-2024 |

പദ്ധതി പ്രകാരം ഓഡിറ്റ് വർഷം മരുന്ന് വാങ്ങലിനായി 387561/- രൂപ പ്രോഫോർമ ഇൻവോയ്സ് – PF- 271/09.09.2024 പ്രകാരം ഹോംകോയ്ക്ക് അനുവദിച്ചു. എന്നാൽ തൻവർഷം 294054/- രൂപയുടെ (ഇൻവോയ്സ് നമ്പർ- LF- 3155/29.03.2025 പ്രകാരം 136324/-, ഇൻവോയ്സ് നമ്പർ- LF- 1547/24.09.25 പ്രകാരം 157730/-) മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 93,507/- രൂപയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. 93,507/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 18/29.12.2025
ഓഡിറ്റ് തടസ്സം 93,507/-

## 1-28 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>281/2024-25 |
| വകയിരുത്തിയ തുക, ഫണ്ടിനം | 551174/-<br>റോഡിതര മെയിന്റനൻസ് ഫണ്ട് |
| ചെലവഴിച്ച തുക | 551174/- |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | 774/30.07.2024 |
| ബിൽ നം | 03/2024-25 തീയതി 16/08/2024 |
| ലഭിച്ച മരുന്നുകളുടെ വില | 461556/- |
| ലഭിക്കാനുള്ള മരുന്നുകളുടെ വില | 89618/- |

2) പാലിയേറ്റീവ് കെയർ പദ്ധതി

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ |
| പദ്ധതിയുടെ നമ്പർ | 278/2024-25 |

| | |
|---|---|
| അടങ്കൽ | 100000/- |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | 3059/2024-25 |
| ചെലവ്, ബിൽ നംപർ | 03/2024-25 തീയതി 25-03-2025 100000 രൂപ |
| ലഭിച്ച മരുന്നുകളുടെ വില | 84956 |
| ലഭിക്കാനുള്ള മരുന്നുകളുടെ വില | 15044/- |

104662/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ലഭ്യമാകുന്നമുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകുന്നതു വരെ 104662/ രൂപ തടസ്സപ്പെടുത്തുന്നു.
**ഓഡിറ്റ് എൻക്വയറി നമ്പർ 15/29-12-2025**
**തടസ്സപ്പെടുത്തുന്ന തുക 104662/-രൂപ**

## 1-29 കറവപ്പശുക്കൾക്ക് കാലിത്തീറ്റ - വില ഡിസ്ക്കൗണ്ട് അനുവദിച്ചില്ല

| | |
|---|---|
| പ്രോജക്ട് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നമ്പർ | 135/2024-25 |
| അടങ്കൽ | 3,50,000/- |
| ഫണ്ടിനം | വികസനഫണ്ട്(ജനറൽ). |
| ചെലവ് | 348750/- |
| ബിൽ നമ്പർ | 6/2024-25 തീയതി 30-12-2024 തുക- 139500/-<br>9/2024-25 തീയതി 10-03-2025 തുക-106950/-<br>11/2024-25 തീയതി 11-03-2025 തുക-102300/- |

സ.ഉ(കൈ) 115/2022/തസ്വഭവ തീയതി 28/05/2022 നമ്പർ ആയി ത്രിതല പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതിയുടെ ഭാഗമായി സബ്സിഡി അനുവദിക്കുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം കറവപ്പശുക്കൾക്ക് കാലിത്തിറ്റ ഇനത്തിൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡി അനുവദിക്കാവുന്നതാണ്. മേൽപറഞ്ഞ പദ്ധതി പ്രകാരം കാലിത്തീറ്റ സബ്സിഡി അനുവദിച്ചിരുന്നു. ഇത് സംബന്ധിച്ച ബില്ലുകളുടെ പരിശോധനയിൽ മിൽമ കമ്പനിയുടെ കാലിത്തീറ്റയാണ് കർഷകർക്ക് ക്ഷീരസഹകരണ സംഘം വഴി നൽകിയിരിക്കുന്നത്. കാലിത്തീറ്റയുടെ വിലയ്ക്ക് മിൽമ കമ്പനി നൽകുന്ന ഡിസ്ക്കൗണ്ടുകൾ ഈ ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടില്ല. മിൽമ മാനേജരുടെ 28-02-2025 ലെ CFPT/MKTG/2025 നമ്പർ സർക്കുലർ പ്രകാരം 01-03-2025 മുതൽ 31-03-2025 വരെ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് ചാക്ക് ഒന്നിന് 300/- രൂപ വില ഡിസ്ക്കൗണ്ട് അനുവദിച്ചിരുന്നു. 01-03-2025 മുതൽ 31-03-2025 വരെ 184 ചാക്ക് കാലിത്തീറ്റ 1550 രൂപ നിരക്കിൽ (775 രൂപ സബ്സിഡി, 775 രൂപ ഗുണഭോക്തൃവിഹിതം) മേൽ പദ്ധതി പ്രകാരം വിതരണം ചെയ്തിരുന്നു. മേൽ സർക്കുലർ പ്രകാരം 300 രൂപ നിരക്കിൽ 55200 രൂപ (184X300) വില ഡിസ്ക്കൗണ്ട് ലഭിക്കേണ്ടതായിരുന്നു. വില ഡിസ്ക്കൗണ്ട് അനുവദിക്കാതിരുന്നതുമൂലം 27600 രൂപ സർക്കാരിനും 27600 രൂപ കർഷകനും നഷ്ടമുണ്ടായി. മിൽമയുടെ ഈ നടപടി ക്ഷീരവികസന വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് മിൽമയിൽ നിന്നും വില ഡിസ്ക്കൗണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 05/24-12-25

## 1-30 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചുവരുന്നു. 2021-2026 കാലയളവിലാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-2022, 2022-2023, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-25 | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | | |
| 1 | Support For Diagnostic Infrastructure | 0 | 543841 | 1047634 | 442514 | 2033989 | 0 | 0 | 1358444 | 206876 | 1565320 | 468669 |
| 2 | Grant For Rural Health & Wellness Centres | 0 | 338091 | 441082 | 694534 | 1473707 | 0 | 0 | 199998 | 560905 | 760903 | 712804 |
| 3 | Construction Of Building To Health Sub Centres | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | | 881932 | 1488716 | 1137048 | 3507696 | | | 1558442 | 767781 | 2326223 | 1181473 |

Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-2025 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | | | 200000 | 50000 | 250000 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | | | 200000 | 106876 | 306876 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | | | 958444 | 50000 | 1008444 |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | | | | | |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | | | | | |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ | | | | | |
| | ആകെ | | | 1358444 | 206876 | 1565320 |

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾക്ക് ഉണ്ടായ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെലവഴിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | 2021-2022 | 2022-2023 | 2023-2024 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | | | 70000 | 240000 | 310000 |
| 2 | ഇന്റർനെറ്റ് ചാർജ് | | | | | |
| 3 | ബോധവൽക്കരണ ക്ലാസ്സുകൾ | | | | | |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | | | | | |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | | | 129998 | 320905 | 450903 |
| | ആകെ | | | 199998 | 560905 | 760903 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതും ആവശ്യമായ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭവനപുനരുദ്ധാരണം(എസ്.സി)-ഗുണഭോക്താവിന് സബ്സിഡി അധികമായി നൽകി

വി ഇ ഒ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം (എസ്.സി) എന്ന പദ്ധതിയിൽപ്പെടുത്തി ഗുണഭോക്താവിന് സബ്സിഡി അധികമായി നൽകി. ശ്രീമതി. രാധാമണി, സന്ധ്യാഭവൻ, തേവലക്കര, പൂങ്കുളഞ്ഞി എന്ന ഗുണഭോക്താവിന്റേ 40585101053708 നമ്പർ അക്കൗണ്ടിലേക്കാണ് അധികമായി സബ്സിഡി നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ പ്രകാരം ഗുണഭോക്താവിന്റെ പേര്, വിലാസം | ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| ശ്രീമതി.രാധാമണി, വേടൻചിറ, മലങ്കാവ് എന്ന ഗുണഭോക്താവിന് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തൽ | 24040552011700228308 | 29/05/2024 | 33000 |
| ശ്രീമതി. രാധാമണി സന്ധ്യാഭവൻ, തേവലക്കര, പൂങ്കുളഞ്ഞി | 24040552011701552326 | 15/03/2025 | 35000 |
| | 25040550211700320093 | 11-07-2025 | 40000 |
| | 40585101053708 നമ്പർ അക്കൗണ്ടിൽ നൽകിയ ആകെ സബ്സിഡി | | 108000 |

ശ്രീമതി. രാധാമണി, വേടൻചിറ, മലങ്കാവ് എന്ന ഗുണഭോക്താവിന്റെ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ടി ഗുണഭോക്താവ് പ്രവൃത്തി ചെയ്തതായി വാലുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. തൻവർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഈ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ഈ അപേക്ഷയുടെ സുതാര്യത ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി ത്രിതല പഞ്ചായത്തുകൾക്ക് സബ്സിഡി, ധനസഹായം എന്നിവ നൽകുന്നതിന് 28.5.2022-ലെ സ.ഉ(കൈ) 115/2022 നമ്പർ ഉത്തരവ് പ്രകാരം ഭവനപുനരുദ്ധാരണത്തിന് ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി തുക 75000 രൂപയാണ്. ശ്രീമതി. രാധാമണി സന്ധ്യാഭവൻ, തേവലക്കര, പൂങ്കുളഞ്ഞി എന്ന ഗുണഭോക്താവിന് അനുവദനീയമായതിലും അധികമായി നൽകിയ 33000/- രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. പ്രസ്തുത തുക ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 07/26-12-2025

### 3-2 ഭവനപുനരുദ്ധാരണം(ജനറൽ)- സബ്സിഡി അധികമായി നൽകി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | ഭവനപുനരുദ്ധാരണം (ജനറൽ) S0 150/2024-25 | |
| അടങ്കൽ | 1110000/- രൂപ (ജനറൽ) | |
| ചെലവിന്റെ വിവരം | ബിൽ റഫറൻസ് നമ്പർ | നൽകിയ തുക |
| | 23040552011700896947 | 24000/- |
| | 24040552011700228119 | 26000/- |
| | 24040552011700309452 | 26000/- |

പതിനാലാം പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി ത്രിതല പഞ്ചായത്തുകൾക്ക് സബ്സിഡി, ധനസഹായം എന്നിവ നൽകുന്നതിനുള്ള 28.5.2022-ലെ സ.ഉ(കൈ) 115/2022 നമ്പർ ഉത്തരവ് പ്രകാരം ഭവനപുനരുദ്ധാരണത്തിന് ജനറൽ വിഭാഗത്തിലുള്ള ഒരു ഗുണഭോക്താവിന് 50000/- രൂപയാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ ഫയൽ പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിനായി 76000/- രൂപ കൈമാറിയതായി കണ്ടെത്തി.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ | തീയതി | തുക (രൂപ) |
|---|---|---|---|
| ശ്രീമതി. അലിമാൾ ബീവി<br>അക്കൗണ്ട് നം.40585100002258 | 23040552011700896947 | 06/12/2023 | 24000 |
| | 24040552011700228119 | 29/05/2024 | 26000 |
| | 24040552011700309452 | 22/06/2024 | 26000 |
| | ആകെ | | 76000 |

50000/- രൂപ പരമാവധി ആനുകൂല്യം നിശ്ചയിച്ചിരുന്ന പദ്ധതി പ്രകാരം മേൽ പറഞ്ഞ ഗുണഭോക്താവിന് 76000/- രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 26000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കി കൺസോളഡേറ്റഡ് ഫണ്ടിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 8/25.12.2025

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 19 | 95000/- | 95000/- | 0 | --- |

(1-4-24 മുതൽ 31-3-25നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| | | ഇല്ല | - | 0 | - |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24 മുതൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| ഇല്ല | | | | |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24 മുതൽ 31/3/25 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ചമാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 1 | 27.01.2025 | 1000/- | 1000/- | 0 | - |

### 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2024-25 | 27.12.2025, 29.12.2025 | കെ.എസ്.എ.കെ.എൽ.എം.പി9/093/26<br>തീയതി–29.01.2026 |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1130000/- | ലൈഫ് മിഷൻ–125/25 | 1130000/- | 0 |
| | 560000/- | ലൈഫ് മിഷൻ (എസ്.സി)–126/25 | 560000/- | 0 |
| | 400000/- | ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ–4/25 | 400000/- | 0 |
| | 101596/- | അനുപൂരക പോഷകാഹാര പരിപാടി-01/25 | 101596/- | 0 |
| | 100000/- | പാലിയേറ്റീവ് കെയർ -278/25 | 100000/- | 0 |
| ജില്ലാപഞ്ചായത്ത് | 1,10,000/- | ഭിന്ന ശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ–4/25 | 1,10,000/- | 0 |
| | 9,70,000/- | ലൈഫ് മിഷൻ (എസ്.സി)–126/25 | 9,70,000/- | 0 |
| | 16,50,000/- | ലൈഫ് മിഷൻ (എസ്.സി)–271/25 | 16,50,000/- | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ നമ്പർ | നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക ₹ | വിനിയോഗം | വിനിയോഗിക്കാതെ അവശേഷിച്ച തുക |
|---|---|---|---|---|---|
| 1 | 245/25 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 98631/- | 98631/- | 0 |
| 2 | 259/25 ഷോപ്പിംഗ് മാളിന് ഇലക്ട്രിക് കണക്ഷൻ | കെ.എസ്.ഇ.ബി. | 691792/- | 691792/- | 0 |
| 3 | ഷോപ്പിംഗ് മാൾ ഫയർ എൻ.ഒ.സി. | കെ.എസ്.ഇ.ബി. | 266130/- | 266130/- | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| | ഉത്തരവ് നമ്പർ/തീയതി | തൻവർഷം എടുത്ത വായ്പ ത്തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.എഫ്.സി- ഷോപ്പിംഗ് കോംപ്ലക്സ് വായ്പ | സ.ഉ (സാധാ) നം 1188/2022/ത.സ്വ.ഭ.വ 10/05/2022 | 35179061 | 210753344 | 4548603 | | 241383802 |

വായ്പാ രജിസ്റ്ററിലെ രേഖപ്പെടുത്തൽ കൃത്യമല്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കെ.യു.ആർ.ഡി.എഫ്.സി-യിൽ മുൻവർഷം വരെ ഉണ്ടായിരുന്ന വായ്പാ ബാദ്ധ്യത ഏറ്റെടുത്താണ് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പ അനുവദിച്ചത്. ഓഡിറ്റ് വർഷം കെ.എഫ്.സി-യിൽ മാത്രമാണ് വായ്പാ ബാദ്ധ്യത ഉള്ളത്. എന്നാൽ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നുള്ള വായ്പ ഇനത്തിലെ ബാദ്ധ്യത വാർഷിക കണക്കുകളിൽ പ്രത്യേകമായാണ് സൂചിപ്പിച്ചിട്ടുള്ളത്.

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 33,70,161/- രൂപ |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 33,70,161/- രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 33,70,161/- രൂപ |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| സ്ഥാപനത്തിന്റെ പേര് | 31/03/2025-ലെ നീക്കിയിരുപ്പ് തുക (രൂപ) |
|---|---|
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ | 1,93,315/- |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ | 9,82,668/- |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, പത്തനാപുരം ശാഖ | 21,94,178/- |
| ആകെ | 33,70,161/- |

വാർഷിക ധനകാര്യ പത്രിക (ശീർഷകം 420800101) പ്രകാരം 31,14,416/- രൂപയാണ് സ്ഥിര നിക്ഷേപ നീക്കിയിരുപ്പ്. വാർഷിക കണക്കും ഓഡിറ്റിന് ഹാജരാക്കിയ പത്രികകളും തമ്മിൽ 2,55,745/- രൂപ വ്യത്യാസം ഉണ്ട്. കൂടാതെ ശീർഷകം 420400101 പ്രകാരം നിക്ഷേപം ഇനത്തിൽ 1000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2022-23 | 1-28 | 1954/- | ശ്രീ. രാജീവ് ആർ, അസി. എഞ്ചിനീയർ | 1240600904/22.05.24<br>1240600923/23.05.24<br>1240600886/22.05.24<br>1240600892/22.05.24 |
| 2023-24 | 1-24 | 13693/- | ശ്രീ. സുഹൈൽ എസ്, കരാറുകാരൻ | 1240602805/28.9.2024 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും/ ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | | 33000/- | ശ്രീ. സിബിമാത്യൂസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | | 26000/- | ശ്രീ. സിബിമാത്യൂസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| | **ആകെ** | **59,000/-** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 24315000/- | ശ്രീ. സന്തോഷ്, വി.ഇ.ഒ. |
| 1-17 | 4545000/- | ശ്രീ. സന്തോഷ്, വി.ഇ.ഒ. |
| 1-27 | 93507/- | ഡോ. കവിത വി എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-28 | 104662/- | ഡോ. മനോജ് ബി തോമസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| **ആകെ** | **2,90,58,169/-** | |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും/ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സന്തോഷ്, വി.ഇ.ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>മേലില ഗ്രാമപഞ്ചായത്ത് | മുകളുവിളയിൽ, നെല്ലിമുകൾ പി.ഒ., അടൂർ |
| ശ്രീ. സിബിമാത്യൂസ്, വി.ഇ.ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>വിളക്കുടി ഗ്രാമപ്പഞ്ചായത്ത് | ആലമുട്ടത്ത് ഹൌസ്, എലിക്കോട് പി.ഒ, ഇളമ്പൽ, പുനലൂർ-691322 |
| ഡോ. മനോജ് ബി തോമസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | പി.എച്ച്.സി മാങ്കോട്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | അയിരുകുഴിയിൽ, കരവാളൂർ പി.ഒ. പുനലൂർ, കൊല്ലം |
| ഡോ. കവിത വി എസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>ഹോമിയോ ഡിസ്പെൻസറി<br>പത്തനാപുരം ഗ്രാമപഞ്ചായത്ത് | |

## 4-12 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്എ.കെ.എൽ.എം.പി6/426/2018 /02.03.2018 | 51 (44, 48, 49 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 /തീയതി 02.03.2018 | 2-14 (2(12), 2(13), 2-(20), 2(21), 2(22), 2(23) വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീയതി-02.03.2018 | 2.6, 2.8, 2.12, 2.13, 2.14 ചെലവ് ഭാഗത്തെ എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. (2.3, 2.4, 2.7 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീയതി-02.03.2018 | 2.3, 2.4, 3.1, 3.4, 3.10, 3.13 (3.2, 3.8, 3.9, 3.11 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018/ തീയതി.02.03.2018 | 2.2, 2.3, 2-5, 3.3, 3.6, 3.7. (2-1 3.10, 3.11 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2003-2004 | കെ.എസ്എ.കെ.എൽ.എം.പി6/426/2018 / തീയതി.02.03.2018 | 2-3, 2-4, 3-2, 3-4, 3-8, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീയതി.02.03.2018 | 3-3, 3-7, (2-4, 3-4, 3-6, 3-9, 3-10 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 / തീയതി.02.03.2018 | 2.2, 3.3, 3.8, 3.11, 3.12, 3.13, 3.15, 3.16, 3.18, 3.21 (3.4,3.5,3.14, 3.17, വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2006-2007 | എൽ.എഫ്.ക്യു പി6//810/2018 / 01.02.2011 | എല്ലാ ഖണ്ഡികകളും |
| 2007-2008 | എൽ.എഫ്.ക്യു പി6/458/2010 / 18.08.2011 | എല്ലാ ഖണ്ഡികകളും |
| 2008-2009 | എൽ.എഫ്.ക്യു പി6/939/2011 / 29.12.2011 | എല്ലാ ഖണ്ഡികകളും |
| 2009-2010 | എൽ.എഫ്.ക്യു പി6/1076/2012 / 08.04.2013 | എല്ലാ ഖണ്ഡികകളും |
| 2010-2011 | എൽ.എഫ്.ക്യു പി6/1913(2)/2014 / 24.10.2014 | എല്ലാ ഖണ്ഡികകളും |
| 2011-2012 &2012-2013 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2011-12, 12-13/121/22 /23-08-22 | 17 |
| 2013-2014 &2014-2015 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2011-12,12-13/121/22;23-08-22. | 21 |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത് 2015-16/121/22 / 23-08-22 | 22 |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി9/1253/2017 / തീയതി. 16.05.2018 | എല്ലാ ഖണ്ഡികകളും |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം.പി9/607/19 / 03-06-2019 | 6 |
| 2018-2019 | കെ.എസ്.എ.കെ.എൽ.എം.പി9/312/20 / 09/07/2021 | 1-33 ഒഴിച്ചുള്ള എല്ലാ ഖണ്ഡികകളും |
| 2019-2020 | കെ.എസ്.എ.കെ.എൽ.എം.പി9/80/22 / 30/06/2022 | എല്ലാ ഖണ്ഡികകളും |
| 2020-2021 | കെ.എസ്.എ.കെ.എൽ.എം.പി9/1056/22 / 23/07/2022 | എല്ലാ ഖണ്ഡികകളും |
| 2021-2022 | കെ.എസ്.എ.കെ.എൽ.എം.പി9/166/23/ 01/04/2023 | എല്ലാ ഖണ്ഡികകളും |
| 2022-2023 | കെ.എസ്.എ.കെ.എൽ.എം.പി9/1673/23/ 03/11/2023 | എല്ലാ ഖണ്ഡികകളും |
| 2023-2024 | കെ.എസ്.എ.കെ.എൽ.എം.പി9/1862/24/ 17/10/2024 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 28-07-2025 and submitted on 28-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Pathanapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Pathanapuram Grama Panchayat as on 31-03-2025

**Date: 29/01/2026** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Pathanapuram Grama Panchayat for the Year 2024-2025.

### 1.Major Observations

Nil.

### 2.Other Observations

1. Advance register not maintained. Details of the advance given for deposit works have not been maintained as to which works have been completed and the amount of advance remaining to be adjusted. The information on the remaining balances paid to employees in advance has not been kept accurately.

2. The recording in the deposit register is not complete. The information on deposits refunded and those remaining to be refunded at the end of the year is not accurately recorded.

3. It is mentioned in Schedule B4 of the balance sheet that Rs. 790000 remains to be spent under Grant for specific purpose. However, the details of the Grant is not provided.

4. The annual accounts indicate that there is provision for the following special purpose grants, but their details were not provided.

| Account Head | Closing Balance |
|---|---|
| 320200305 | 683 |
| 320100152 | 89678 |
| 320700204 | 491396 |
| 320700205 | 20218 |
| 320800101 | 69391 |

5. Closing balance of fixed deposit as per annual financial statement (head 420800101) is Rs 31,14,416/-.
There is a difference of Rs.2,55,745/- between the annual accounts and the documents produced for audit.
And Rs.1000/- has been included in the investment item under head 420400101. But the records were not made available.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**